LIBRARY ARCHIVES Kerala Legislative Assembly

റോഡ് നവീകരണം

19(*259) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലകെടുതികൾമൂലം കേടുപാടുകൾ സംഭവിച്ച റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത റോഡുകൾ സമയബന്ധിതമായി നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) മഴക്കാലകെടുതികൾമൂലം കേടുപാടുകൾ സംഭവിച്ച ദേശീയപാത വിഭാഗത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് കേന്ദ്ര സർക്കാർ 2015-16 വർഷം 5.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലേക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി തേടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡുകളുടെയെല്ലാം കേടുപാടുകൾ അടിയന്തരമായി പരിഹരിക്കുന്നതാണ്. നിരത്തുവിഭാഗത്തിൻ കീഴിൽ കാലവർഷംമൂലം കേടുപാടുകൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റ പണികൾ തീർക്കുന്നതിന് നോൺപ്ലാൻ ഫണ്ടിൽനിന്നും മഴക്കാലപൂർവ്വ പ്രവർത്തികൾക്കായി 15.63 കോടി രൂപയുടെയും പോസ്റ്റ് മൺസൂൺ പ്രവർത്തികൾക്കായി 210.34 കോടി രൂപയുടെയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കായൽ പ്രദേശങ്ങളുടെ വിസ്തീർണ്ണം

20(*260) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ പ്രദേശങ്ങളുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞതായുള്ള സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കയ്യേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;